1936-ൽ ഇറ്റാലിയൻ ഫാസിസ്റ്റായ മുസ്സോളിനി അബിസീനിയ (ഇന്നത്തെ എത്യോപ്യ) പിടിച്ചടക്കുമ്പോഴാണ് എറിത്രിയയിലും അധിനിവേശം നടത്തിയത്. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം 1950-ൽ എറിത്രിയയെ എത്യോപ്യയുടെ ഭാഗമാക്കി ഒരു ഫെഡറേഷൻ രൂപവത്കരിച്ചു. 1961-ൽ എറിത്രിയ സ്വാതന്ത്ര്യസമരം ആരംഭിച്ചു. 1962-ൽ എത്യോപ്യ ഫെഡറേഷൻ അവസാനിപ്പിക്കുകയും എറിത്രിയയെ പിടിച്ചടക്കി എത്യോപ്യയോട് കൂട്ടിച്ചേർക്കുകയും ചെയ്തു. 30 കൊല്ലം നീണ്ടുനിന്ന യുദ്ധത്തിനൊടുവിൽ 1993-ൽ എറിത്രിയയെ സ്വതന്ത്ര്യ രാജ്യമായി അന്താരാഷ്ട്ര സമൂഹം അംഗീകരിച്ചു. അഞ്ചുവർഷത്തിനുശേഷം അതിർത്തിയിലെ ബാദ്മി എന്ന പ്രദേശത്തെച്ചൊല്ലി ഇരുരാജ്യങ്ങളും യുദ്ധം തുടങ്ങി. 2000-ൽ പ്രത്യക്ഷയുദ്ധം അവസാനിച്ചുവെങ്കിലും 2018 ഏപ്രിലിൽ ആബി അധികാരത്തിൽ വരുന്നതുവരെ യുദ്ധസമാന അന്തരീക്ഷമായിരുന്നു ഇരുരാജ്യങ്ങൾക്കുമിടയിൽ.

പ്രധാനമന്ത്രിയായ ഉടനെ ആബി ചെയ്ത കാര്യങ്ങളിലൊന്ന് മന്ത്രിമാരുടെ എണ്ണം 28-ൽ നിന്ന് 20 ആയി കുറയ്ക്കുകയും പത്ത് വനിതാമന്ത്രിമാരെ നിയമിക്കുകയും ചെയ്തു എന്നതാണ്. അവർക്ക് അപ്രധാന വകുപ്പുകളല്ല കൊടുത്തത്. പ്രതിരോധമന്ത്രി അഫർ പ്രവിശ്യയിൽ നിന്നുമുള്ള മുസ്ലീം വനിതയായ ഐഷ അഹമ്മദാണ്. പുതുതായി സൃഷ്ടിച്ച സമാധാന മന്ത്രാലയം. (Ministry of Peace) ഭരിക്കുന്നത് മുസ്ലീം സ്ത്രീയായ മുഫെരിയാത്ത് കമിൽ ആണ് (ജോർജ് ഓർവെലിന്റെ 1984 എന്ന നോവലിൽ സമാധാനമന്ത്രാലയം,



യുദ്ധം നടത്താനുള്ള സർക്കാർ വകുപ്പായിരുന്നു എന്നോർക്കുക!). മുൻപ് എത്യോപ്യക്കാരുടെ പേടിസ്വപ്നമായിരുന്ന ഇന്റലിജന്റ് സർവ്വീസിനെയും പോലീസിനെയും നിരീക്ഷിക്കാനും നിയന്ത്രിക്കാനുമാണ് സമാധാന മന്ത്രാലയം ഉണ്ടാക്കിയത്. ഇപ്പോൾ ഹിജാബ് ധരിച്ച സ്ത്രീകളാണ് രാജ്യസുരക്ഷ കൈകാര്യം ചെയ്യുന്നത്. തെരഞ്ഞെടുപ്പ് കമ്മിഷന്റെ തലവനായി രാഷ്ട്രീയവിമതനായിരുന്ന ബിർറ്റുകോൻ മിഡെക്സെയെയും ധനകാര്യമന്ത്രിയായി സൊമാലി പ്രവിശ്യയിൽ നിന്നുള്ള അഹമ്മദ് റഷിഡെയും നിയമിതരായി. എത്യോപ്യയുടെ ആദ്യ പ്രസിഡന്റായി ആബി തിരഞ്ഞെടുത്തതും ഒരു വനിതയെത്തന്നെ - സാഹ്‌ലെ വൊർക് ആണ് ഇപ്പോഴത്തെ പ്രസിഡന്റ്. ഈ നിയമനത്തിന്റെ പ്രതീകാത്മകമാനം വലുതാണ്; എത്യോപ്യയിൽ പ്രസിഡന്റിന് ശുഷ്കമായ അധികാരങ്ങളേ ഉള്ളൂവെങ്കിലും. വനിതകൾക്ക് 33 ശതമാനമല്ല, 50% പ്രാതിനിധ്യം നൽകിയതിനെക്കുറിച്ച് ആബി പ്രതികരിച്ചത് ഇങ്ങനെയാണ്: "സ്ത്രീകൾ അത്ര അഴിമതിക്കാരല്ല. അവർ അവരുടെ ജോലിയെ ബഹുമാനിക്കുന്നവരാണ്. എത്യോപ്യയിൽ സമാധാനവും സ്ഥിരതയും പരിപോഷിപ്പിക്കുന്നതിൽ ഏറെ സംഭാവനകൾ നൽകിയത് സ്ത്രീകളാണ്. അവ മുന്നോട്ട് കൊണ്ടുപോകാൻ, മാറ്റത്തിന്റെ ആന്തരികത്വര രാജ്യത്തുടനീളം വ്യാപിപ്പിക്കാൻ സ്ത്രീകൾ പൊതുജീവിതത്തിലേക്ക് ഇറങ്ങണം".

**മാതൃഭൂമി,**

**3 – 9 നവംബർ 2019.**





## A blow to disclosure norms

**M. Sridhar Acharyulu**

The Supreme Court's November 13 judgment on Right to Information (RTI) reduced the scope of 'information' and widened that of 'restrictions'. The RTI Act would never be the same after this verdict. Deviating from earlier decisions that said that 'restrictions' should be interpreted strictly and 'information' liberally, the five-judge Bench expanded the power, length and depth of exceptions under Section 8 of the Act. The verdict also restricted the understanding of the terms 'held by' and 'under the control' of a public authority, making several classes of information inaccessible to the public. If the Chief Information Commissioner's stature and autonomy were reduced by the recent parliamentary amendment to the Act, the Supreme Court judgment amounted to a direct instruction to the Central Public Information Officers (CPIOs) on how not to give information on various counts.

Still, the decision is welcome for two reasons. One, it did not deny that the apex court is a public authority and answerable under the RTI Act. Two, judicial independence will only be strengthened with greater transparency.

### The 'indicative' paragraph

However, the real issue with the verdict lies in the carefully worded paragraph 59, which could potentially be used by bureaucrats to shoot down many RTI applications during the first request. Instead of empowering citizens with greater access to information, the court has instead armed public servants to kill access requests.

Here, it needs to be recalled that the Supreme Court's 2012 judgment in *Girish Ramchandra Deshpande v. Central Information Commissioner* was hitherto being used as a precedent by the Department of Personnel and Training and various CPIOs



to deny information on records of public servants. The case pertained to a Special Leave Petition on an RTI request related to the service record and assets of a serving bureaucrat. The Supreme Court held that such information could not be revealed unless there was a larger public interest demonstrated. In this case, the court held that the applicant was not able to show a bonafide public interest element and hence denied information to the person. The November 13 verdict could in effect supersede the *Girish Ramchandra Deshpande* verdict.

To cite paragraph 59 of the recent decision: "Reading of the aforesaid judicial precedents... would indicate that personal records, including name, address, physical, mental and psychological status... are all treated as personal information. Similarly, professional records, including... evaluation reports, disciplinary proceedings, etc. are all personal information. Medical records... information relating to assets, liabilities, income tax returns... are personal information. Such personal information is entitled to protection from unwarranted invasion of privacy and conditional access is available when stipulation of larger public interest is satisfied. This list is indicative and not exhaustive."

The last sentence of this paragraph, which makes the restrictions "indicative", could become another tool in the hands of public servants to deny access requests.

### Restrictions under Section 8

The Bench's long list contradicts the provisions for disclosure available under Sections 8(1)(j) and 8(2) of the RTI Act. One, personal information can be disclosed if it has any relationship with public activity or interest. Two, even if such details have no relationship with public interest, they can be given if the disclosure does not cause an unwarranted invasion of privacy. Three, even if the information causes unwarranted invasion of privacy, it could still be given if the larger public interest justifies the act. Finally, even if there is no larger public interest, it could still be shared if the public interest in disclosure outweighs the interest in its protection.



The only points the Supreme Court Bench was asked to consider pertained to assets report and appointment criteria of public servants. Its declaration in the form of the above-cited paragraph was uncalled for. For instance, how can the court declare educational qualifications, performance report or disciplinary proceedings pertaining to public servants as being outside the ambit of disclosure? If a specific educational degree is ‘qualification’ for a post, is it not related to public activity? Similarly, if the cost of medical treatment is reimbursed by the state, how can medical record become personal information?

Every time, the applicant will now be made to prove public interest, a concept which has been made further complex and ambiguous by the court.

**The Hindu,**

**28 November 2019.**





# The Opacity around electoral bonds

**Trilochan Sastry**

The recent disclosures that the Election Commission (EC) and the Reserve Bank of India (RBI) had expressed reservations about the Electoral Bonds scheme highlight the importance of this issue. In 2017, the then RBI Governor wrote to the then Finance Minister that “allowing any entity other than the central bank to issue bearer bonds, which are currency-like instruments, is fraught with considerable risk and unprecedented even with conditions applicable to electoral bonds.” The EC warned that this would allow illegal foreign funds to be routed to political parties.

Objections were overruled and the scheme was passed in the Lok Sabha as part of the Finance Bill so that it would not have to go through the Rajya Sabha where the then-government lacked a majority. There is no other country in the world where such a scheme exists.

**Need for funds**

But first, why is this important? The main reason is that in the 21st century, money plays an increasingly larger role in elections. This was not so about 50 years ago. Today, India spends more on elections than the U.S. with a per capita GDP that is 3% of the U.S. Today, having more money does not guarantee success, but, at the other extreme, having no money certainly guarantees defeat. Some party may win a one-off election by spending very little, but sustaining victory over several elections requires funds. To reach voters, candidates and parties use hoardings and advertisements on printed, electronic and social media. They hold election rallies. They travel and have to pay party workers. In India, there is the added expenditure of buying votes through distribution of gifts, money, liquor and so on.

Given that money is required, a central issue is whether a winning candidate or party will work for the public or for those who have funded them. So, some countries



have public funding of elections. Campaign funding laws and reforms are a constantly evolving subject internationally. They focus on public funding, limits on expenditure, limits on donations, transparency in funding and penalties for non-compliance.

We need to look at the issue of electoral bonds in this context — the importance and need for funding, and proper laws. Even a glance at the best international laws and rules shows that we in India are lagging far behind. The gaps between the stated purpose of the electoral bonds scheme and the letter of law are glaring, and several articles in the media have pointed them out. The voter does not know who is funding whom through electoral bonds. This is supposed to protect the donors from harassment from the authorities.

However, such harassment is always by the party in power through law enforcement agencies — police, the Central Bureau of Investigation, the Intelligence Bureau, the Enforcement Directorate and so on. The simple remedy is to stop such motivated actions. However, the bank knows the purchaser of the bonds as well as the party that cashed it. The law agencies can obtain this information whenever they want. Can the ruling party use this to demand donations for itself, prevent donations to others, and use the law enforcement agencies to harass those who donate to rival parties? There is nothing in the electoral bonds scheme or existing laws to prevent this from happening. Equally troublesome, donation limits have been removed. In theory, a large corporate could buy the government using electoral bonds. This would not be possible in any other country. India continues to have spending limits but, as everyone knows, hardly any winning candidate sticks to it.

It is true that black money cannot be used to buy electoral bonds. However, black money can be used outside the scheme during elections. The reduction in cash donations from ₹ 20,000 to ₹ 2,000 is not good enough. There are parties with hundreds of crores of declared income who claim that all the funds were received from small cash donations of ₹ 100 or less. This cannot be prevented by merely reducing the cash limits. Meanwhile, we see reports that the ₹ 2,000 notes printed



after demonetisation are being hoarded. Whether this will be used as black money and in elections is unknown. In short, electoral bonds cannot eliminate black money. There are other provisions in the electoral bonds scheme and the amended Finance Act, 2017. All of them were there earlier as well.

No doubt, there have been protests from the Opposition parties and from civil society. Political parties are sometimes seen as lacking credibility as they protest when they don't get money but keep quiet when they get funds. Civil society is seen as anti-establishment. In India it is possible for those in power to ignore all this. However, we are missing the elephant in the room. We don't need an incentive to be transparent and honest. Any political party can voluntarily choose to disclose its funds and sources. There is no law that prevents them from doing so. They can also state publicly that they will henceforth not use black money. No party has done this. Perhaps there are some compulsions under which they function — whether as the ruling party or as the Opposition.

## Setback to democracy

Before we move to possible remedies, let us clearly look at the effect of the electoral bonds scheme and possible long-term implications. The ruling party gets nearly all the funds. It, along with the enforcement agencies, knows who has given how much money to whom. The public does not have this information. How can we have good democracy in secrecy? The real danger, however, is long-term. If big money entirely funds elections in an opaque way, democracy as we know it will not exist. Meanwhile, registrations are cancelled for NGOs but not for political parties. What is democracy without free speech and dissent, especially against the powerful?

Various commissions, including the Election Commission, have given detailed recommendations on suitable remedies. But, to date, no government has acted on them. We also need to benchmark ourselves against the best international practices and laws on campaign funding. Details are many, but there are a few simple principles for such remedies. First is complete transparency in all funding. Second, political



parties need to be under the Right to Information Act. The Central Information Commission ruled that they were, but the parties refuse to follow its directions. There must be spending limits as well as donation limits, especially in a highly unequal society like ours, and strict penalties for flouting rules and the law. Public funding needs to be examined and introduced with proper checks and balances.

Voters need to demand changes and we need voter awareness campaigns. The simple message from voters to political parties could be “we like you, not your big money. If you want, we will all pitch in and give small individual donations.” If voters reject candidates and parties that overspend or bribe them, we would have moved democracy one level higher. Most important, the electoral bonds scheme needs to be scrapped. The Supreme Court is hearing a petition on this issue. Let us hope Indian democracy survives without going through another crisis.

**The Hindu,**

**23 November 2019.**





# India's enduring document of governance

**N.I. Rajah**

At 69 and stepping into 70, India's Constitution is one of the world's oldest and most enduring. At the time of its birth, constitutional experts the world over did not expect our Constitution to survive very long. One of its most incisive critics was Sir Ivor Jennings, the world's then leading expert on constitutional law.

## Premature analysis

In 1951 the University of Madras invited Jennings to deliver a series of lectures on the just born Indian Constitution. Alladi Krishnaswamy Iyer, one of the chief architects of the Constiution, attended them and stayed through all his lectures which Jennings delivered in parts on three successive days. Alladi also made elaborate notes. Jennings began his address by summing up India's Constitution in one cynical sentence: "Too long, too rigid, too prolix". Over the course of three lectures, Jennings elaborated on his views. He focused on some primary aspects: The Constitution's rigidity and its superfluous provisions; fundamental rights and directive principles of state policy; and, finally, key aspects of India's federalism. Jennings finally handed down a largely unfavourable verdict. India's Constitution, he declared, was "far too large and therefore far too rigid", too caged by its history, and too unwieldy to be moulded into something useful through judicious interpretations. Overall, his judgment was that the Constitution would not endure.

Alladi was distressed and distraught. He started writing a series of articles to counter Jennings' diatribe and to point out why the Constitution of India would be an enduring document of governance. However, destiny snatched away his mortal remains before he could complete the rejoinder. Posterity however proved him right.



In the 1960s, the same Sir Ivor Jennings had been commissioned to write a new Constitution for Sri Lanka then known as "Ceylon". Despite all precautions taken in its drafting, that Constitution lasted about six years.

**Findings of a key study**

The endurance, lasting appeal and effectiveness of our Constitution is brought home to us in full force when we peruse a work of the University of Chicago titled " The Lifespan of Written Constitutions,by Thomas Ginsburg, Zachary Elkins, and James Melton" on the longevity of constitutions the world over. The study encompassed the constitutional history of every independent state from 1789 to 2006. The study identified a "Universe of 792 new constitutional systems", of which 518 have been replaced, 192 still in force, 82 have been formally suspended ultimately to be replaced.

The study discloses that constitutions, in general, do not last very long. The mean lifespan across the world since 1789 is, hold your breath, a mere 17 yeas.

The estimates show that one half of constitutions are likely tobe dead by age 18, and by age 50 only 19% will remain. A large percentage, approximately 7%, do not even make it to their second birthday.

The study also discerns noticeable variations across generations and regions. The mean lifespan in Latin America (the source of almost a third of all constitutions)and Africa is 12.4 and 10.2 years, respectively. And 15% of constitutions from these regions perish in their first year of existence. The study however found that constitutions in western Europe and Asia, on the other hand, typically endure 32 and 19 years, respectively. The Organisation for Economic Co-operation and Development (OECD) countries have constitutions lasting 32 years on an average. Finally, unlike the trend of improving human health, the life expectency of constitutions does not



seem to be increasing over the last 200 years. Through the world war I years, the average lifespan of a constitution was 21 years, as against only 12 years since. Constitutions, are most likely to be replaced around age 10 and age 35. However, the risk of replacement is relatively high during most of this period, and it appears constitutions do not begin to crystallise until almost age 50.

So, what do constitutions the world over generally do ? The study finds that their most important function is to ring fence and then to limit the power of the authorities created under the constitution. Constitutions also define a nation and its goals. A thrid is to define patterns of authority and to set up government institutions.

The study shows that there are primary mechanisms by which constitutional changes occur: formal amendments to the text and informal amendments that result from interpretive changes; that constitutional lifespan will depend on: occurance of shock and crisis such as war, civil war or the threat of imminent breakup; structural attributes of the constitution, namely its details, enforceability and its adaptability; structural attributes of the state.

The study also finds that the specificity of the document, the inclusiveness of the constitution's origins, and the constitution's ability to adapt to changing conditions will be an important prediction of longevity. Constitutions whose provisions are known and accepted will more likely be self-enforcing, for common language is essential to resolving coordination problems. Constitutions, that are ratified by public reference enjoy higher levels of legitimacy.

Constitutional durablity should increase with the level of public inclusion both at the drafting stage and the approval stage.

That the primary mechanism through which a constitution is interpreted is a court empowered with powers of constitutional judicial review.



**Explaining India’s Stability**

It points to India being an example of the fact that fractionalised environments produce constitutional stability precisely because no single group can dominate others. Public ratification produces a more enduring constitution in democracies - but not in autocracies. Longer constitutions are more durable than shorter ones which suggest that specificity matters.

In conclusion the study points out that constitutions work best when they are most like ordinary statutes: relatively detailed and easy to modify.

The drafting committee of the Constitution headed by Dr. B.R. Ambedkar did not have the benefit of such an advanced study to guide its workings. However, one is deeply impressed with the fact that a distinguished group of seven members of the drafting committee and equally eminent members of the Constituent Assembly worked together and applied practically all yardsticks the study now declares as being in dispensable to impart durability to a Constitution. What is noteworthy is the fact that inclusiveness during the formative years of the Constitution- making debates; specificity of the provisions that produced an excellent balance between redundant verbosity and confounding ambiguity; fundamental rights and judicial review being made sheet anchors of the instrument; workable scheme for amending the constitutional provisions which the current study found among others important to ensure longevity of Constitutions, were all applied even in the 1940s by out Constitution makers. And all this happened when there was no erudite study to guide them on the path of Constitution-making.

All that our founding fathers and mothers had to guide their work was their strong commitment to the welfare of our nation and their own experience during the long years of the freedom struggle .



Justice Oliver Wendell Holmes was indeed right when he observed : " The life of the law has not been logic. It has been experience."

**The Hindu,**

**26 November 2019.**

FOCUS



## ജവഹർലാൽ നെഹ്റു എന്ന ഭരണഘടന!

### ടി. പി. കുഞ്ഞിക്കണ്ണൻ

**ഇന്ത്യ എന്ന ദേശം കടന്നുപോന്ന മുഴുവൻ കാലങ്ങളുടെയും സത്ത ഇന്ത്യൻ ഭരണഘടനയിലുണ്ട്. ഈ രാജ്യം എന്തായിരുന്നുവെന്നും എന്താണെന്നും എന്താ യിരിക്കണമെന്നും ഭരണഘടന വിഭാവനം ചെയ്യുന്നുണ്ട്. മഹാത്മാഗാന്ധിയും ദേശീയ പ്രസ്ഥാനവുമാണ് ആ മഹാഗ്രന്ഥത്തിന്റെ ഊർജകേന്ദ്രങ്ങൾ. ആ ഊർജം പ്രവഹിച്ച ശക്തമായ ഒരു ചാലകമായിരുന്നു ജവഹർലാൽ നെഹ്റു. നൂറ്റിമുപ്പതാം ജന്മവാർഷികത്തിൽ ഇന്ത്യൻ ഭരണഘടനയിൽ നിന്ന് നെഹ്റു വിനെ കണ്ടെത്തുകയാണ് ലേഖകൻ.**

പ്രധാനമന്ത്രിയെന്നതിനേക്കാൾ ആധുനിക ഇന്ത്യയുടെ ശില്പി എന്ന വിശേഷണമായിരിക്കും ജവഹർലാൽ നെഹ്റുവിന് അനുയോജ്യമായത്. ഇന്ത്യയിലെ സ്വാതന്ത്ര്യസമര അനുഭവങ്ങളോടൊപ്പം സാർവദേശീയമായുള്ള രാഷ്ട്രീയ സാമൂഹിക മാറ്റങ്ങളെ ഉൾക്കൊള്ളാനും അവയോട് പ്രതികരിക്കാനും അവയുടെ ഭാഗമാകാനും കഴിഞ്ഞതാണ് നെഹ്റുവിനെ സ്വാതന്ത്ര്യസമരരംഗത്തെ മറ്റ് നേതാക്കളിൽ നിന്ന് വ്യത്യസ്തനാക്കുന്നത്. സാമൂഹികനീതിയിലും സാമ്പത്തിക സമത്വത്തിലും ഉൾച്ചേർന്ന ശാസ്ത്രീയ സോഷ്യലിസത്തിലാണ് ഇന്ത്യയുടെ ഭാവിയെന്ന് നെഹ്റുവിന് ഉത്തമബോധ്യമുണ്ടായിരുന്നു. ഈ ലക്ഷ്യ സാക്ഷാത്കാരത്തിനായി ഇന്ത്യൻ ഭരണഘടന, ചേരിചേരാപ്രസ്ഥാനം, ശാസ്ത്ര സംവിധാനം, വിദേശനയം, സാമ്പത്തികാസൂത്രണം എന്നീ രംഗങ്ങളെയെല്ലാം വളർത്തിയും വികസിപ്പിച്ചുമെടുക്കുന്നതിൽ നെഹ്റു നേതൃത്വപരമായ പങ്കുവഹിച്ചു. ഈ പരിശ്രമങ്ങളുടെ മൂർത്തരൂപമാണ് എല്ലാ അർഥത്തിലും ആധുനിക ഇന്ത്യ. എന്നാൽ, ഇന്നത്തെ ഇന്ത്യയിൽ സ്വാതന്ത്ര്യസമര മൂല്യങ്ങളെ തമസ്കരിക്കുന്നതും ജനാധിപത്യത്തെ വെല്ലുവിളിക്കുന്നതും വർഗീയതയെ വളർത്തുന്നതുമായ ആശയങ്ങൾ ശക്തിപ്പെടുകയാണ്. ഭരണഘടനയെ തള്ളിപ്പറയാനും ശാസ്ത്ര ബോധത്തെ മതബോധമാക്കാനും ചരിത്രത്തെ കെട്ടുകഥയാക്കാനും വിദ്യാഭ്യാസത്തെ വർഗീയവത്കരിക്കാനുമുള്ള ശ്രമങ്ങൾക്ക് ആക്കംകൂടി വരുകയാണ്. ഇന്ത്യാ ചരിത്രത്തിലെ ഈയൊരു സവിശേഷ ഘട്ടം നെഹ്റുവിയൻ സംഭാവനകളുടെ പുനർവായനയും പഠനവും പ്രസക്തമാക്കുകയാണ്.



**ഭരണഘടനയും നെഹ്റുവും**

നെഹ്റുവിയൻ ഇന്ത്യയുടെ എല്ലാ തത്വങ്ങളും ഊറിക്കൂടിയതാണ് ഇന്ത്യൻ ഭരണഘടന. ഭരണഘടനയെ രാജ്യത്തിന്റെ ആധാരശിലയായി കണക്കാക്കിയ ഗ്രാവൻലെ ഓസ്റ്റിൻ പറയുന്നത്, "ഇന്ത്യൻ ഭരണഘടനയിൽ പ്രതിഫലിക്കുന്നത് ഏതാനും പേരുടെ ആവശ്യങ്ങളല്ല; മറിച്ച് ധാരാളം പേരുടെ ആഗ്രഹങ്ങളാണ് " എന്നാണ്. ഇന്ത്യയിലും ലോകത്താകെയും ഉയർന്നുവന്ന കോളനിവിരുദ്ധ സമരങ്ങളിൽ പ്രകടിപ്പിച്ച മാനവിക, സാമൂഹിക മൂല്യങ്ങളുടെ ഒരു കൂട്ടായ്മയാണ് ഇന്ത്യൻ ഭരണഘടന. ദേശീയപ്രസ്ഥാനത്തിന്റെ ദർശനമാണ് അതിന്റെ ദർശനം. വിവിധ കാലങ്ങളിൽ വൈവിധ്യമാർന്ന പാതകളിലൂടെ ഊർന്നിറങ്ങിയ ഇത്തരം മൂല്യങ്ങളെ സംയോജിപ്പിച്ച് ഇന്ത്യയുടെ സമഗ്രവികസനം എന്നായി പുനഃക്രമീകരിക്കാൻ ആത്മാർത്ഥമായി പണിപ്പെട്ടവരായിരുന്നു നമ്മുടെ ഭരണഘടനാനിർമ്മാതാക്കൾ.

ഒന്നാം ഭരണഘടനാനിർമ്മാണസഭയെ അഭിമുഖീകരിച്ചുകൊണ്ട് നെഹ്റു ചെയ്ത പ്രസംഗങ്ങൾ ചരിത്രരേഖകളാണ്. ഒരിക്കൽ അദ്ദേഹം പറഞ്ഞു: "ഇന്ത്യയെ സേവിക്കുക എന്നതിനർത്ഥം കഷ്ടപ്പെടുന്ന ജനങ്ങളെ സഹായിക്കുക എന്നതു തന്നെ. അതിനർഥം ദാരിദ്ര്യം, അജ്ഞത, രോഗം, അസമത്വം എന്നിവയൊക്കെ ഇല്ലാതാക്കുകയും അവസരസമത്വം ഉറപ്പാക്കുകയുമാണ്. ഒരാളുടെയും കണ്ണീർ വീഴാതിരിക്കുക എന്നതായിരുന്നു നമ്മുടെ തലമുറയിലെ ആ മഹാമനുഷ്യന്റെ (ഗാന്ധിജിയുടെ) ആഗ്രഹം. അതിനൊരുപക്ഷേ, നമുക്ക് കഴിയണമെന്നില്ല. എങ്കിലും കണ്ണീരും കഷ്ടപ്പാടും ഉള്ളേടത്തോളം നാം വിശ്രമിക്കാതെ പ്രവർത്തിച്ചുകൊണ്ടിരിക്കണം." (ഓസ്റ്റിൻ - പേജ് 26).

ഈ നിലപാടുകളിലൂടെ എന്താണ് നെഹ്റു നമുക്കായി അവശേഷിപ്പിച്ചത്? ഇന്ത്യയ്ക്കൊപ്പം സ്വാതന്ത്ര്യം നേടിയ രാജ്യങ്ങൾ, നമ്മുടെ അയൽരാജ്യങ്ങൾ, ഇവിടങ്ങളിലൊക്കെ ഒരുതരം ഏകാധിപത്യ ഭരണം ഉയർന്നുവന്നപ്പോൾ ഇന്ത്യ ആ ചാലിലേക്ക് വഴുതിപ്പോയില്ലെന്നു മാത്രമല്ല; ഒരു ജനാധിപത്യ, മതേതര രാജ്യമായിത്തന്നെ വളർന്നുവരുകയും ചെയ്തു. ഇത് പ്രധാനമായും സാധ്യമായത് നെഹ്റുവിന്റെ ഉയർന്ന രാഷ്ട്രീയ ബോധം കൊണ്ടാണെന്ന് മേഘനാഥ് ദേശായ് അഭിപ്രായപ്പെടുന്നു. ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അമരത്തുണ്ടായിരുന്ന



ബി.ടി. രണദിവെ പറഞ്ഞത് ഇപ്രകാരമായിരുന്നു: “മതനിരപേക്ഷ വീക്ഷണം മുറുകെപ്പിടിക്കുകയും ആധുനിക ജനാധിപത്യരീതികളോട് കൂറുപുലർത്തുകയും ചെയ്ത നെഹ്റുവല്ലാതെ മറ്റാരെങ്കിലുമായിരുന്നു സർക്കാരിന്റെ തലപ്പത്തെങ്കിൽ രാജ്യത്തിന്റെ സ്വാതന്ത്ര്യം തന്നെ അപകടത്തിലാകുമായിരുന്നു”. മാത്രമല്ല, നെഹ്റുവിന്റെ വീക്ഷണത്തിന് സ്വാധീനമില്ലായിരുന്നുവെങ്കിൽ ഇന്നത്തേതു പോലുള്ള ഒരു ഭരണഘടന പോലും ഉണ്ടാകുമായിരുന്നോ എന്നതിൽ സംശയിക്കേണ്ടിയിരിക്കുന്നു.

രാജ്യത്തെ വിഭജിക്കണമെന്ന മുറവിളി ഉയർന്നുകൊണ്ടിരുന്ന ഒരു കാലത്താണ് ഭരണഘടനാ നിർമ്മാണസഭ പിറന്നുവീഴുന്നത്. ഇന്ത്യയുടെ രാഷ്ട്രീയ ഭാവി നിർണയിക്കേണ്ടത് ഇന്ത്യക്കാർ തന്നെയാകണമെന്ന ഗാന്ധിജിയുടെ 1922-ലെ ഒരു പ്രസ്താവനയിൽ നിന്നാണ് നമ്മുടേതായൊരു ഭരണഘടന എന്ന ആശയം പിറക്കുന്നത്. ബ്രിട്ടീഷ്, അമേരിക്കൻ, ഐറിഷ് ഭരണഘടനകളൊക്കെ അപ്പോഴേക്കും ശ്രദ്ധേയമായി മാറിയിരുന്നു.

ഇന്ത്യയ്ക്കൊരു ഭരണഘടന തയ്യാറാക്കുന്നതിന്റെ പ്രാഥമികകാര്യങ്ങൾ ആലോചിക്കാനായി മോത്തിലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ ഒരു കമ്മീഷനെ (നെഹ്റു കമ്മീഷൻ - 1928) നിയോഗിച്ചിരുന്നു. തുടർന്ന് 1935-ലെ എ.ഐ.സി.സി., 1938-ലെ കോൺഗ്രസ് പ്രമേയങ്ങൾ എന്നിവയൊക്കെ പുറംസഹായമില്ലാതെ പ്രായപൂർത്തിവോട്ടവകാശം വഴി തെരഞ്ഞെടുക്കുന്ന ഒരു ഭരണഘടനാസഭ വേണമെന്ന് തന്നെ അഭിപ്രായപ്പെട്ടിരുന്നു. കോൺഗ്രസിന്റെ നിലപാടിനെ ജവഹർലാൽ നെഹ്റു ഈ വിധം വ്യക്തമാക്കി: “സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും വേണ്ടിയാണ് കോൺഗ്രസ് നിലകൊള്ളുന്നത്. സ്വതന്ത്ര ഇന്ത്യയുടെ ഭരണഘടന തയ്യാറാക്കുന്നത് പ്രായപൂർത്തി വോട്ടവകാശം വഴി തെരഞ്ഞെടുക്കുന്ന ഒരു സഭയായിരിക്കും. അതിലേക്ക് ഇന്ത്യയ്ക്ക് പുറത്തു നിന്നുള്ള ഇടപെടൽ ഒരിക്കലും വേണ്ടതില്ല”.

ഈ നീക്കങ്ങളെയും നിലപാടുകളെയും ചെറുത്തുനിൽക്കാൻ ബ്രിട്ടൻ കുറെയൊക്കെ ശ്രമിച്ചിരുന്നു. പക്ഷേ, രണ്ടാം ലോകയുദ്ധം ആരംഭിച്ചതോടെ സ്ഥിതിഗതികൾ പാടെ മാറിമറിയുകയായിരുന്നു. 1942-ലെ ക്വിറ്റ് ഇന്ത്യാ സമരം,



ക്രിപ്സ് ദൗത്യം, കോൺഗ്രസ്, ലീഗ് അഭിപ്രായഭിന്നതകൾ, കാബിനറ്റ് സംഘത്തിന്റെ ദൗത്യം എന്നിങ്ങനെ ആറേഴുകൊല്ലത്തെ ശ്രമങ്ങളുണ്ടായി. അവസാനം ഇന്ത്യയുടെ തനത് ഭരണഘടനാനിർമ്മാണ സഭയിലേക്കുള്ള ആശയസമന്വയം നടക്കുകയായിരുന്നു. എന്നാൽ നെഹ്റു നിരന്തരം ആവശ്യപ്പെട്ട പ്രത്യക്ഷ പ്രായപൂർത്തി വോട്ടവകാശം വഴിയല്ല. മറിച്ച് പ്രവിശ്യകളിൽ തെരഞ്ഞെടുക്കപ്പെട്ട നിയമസഭാംഗങ്ങളിൽ നിന്ന് ആനുപാതിക പ്രാതിനിധ്യമനുസരിച്ച് (പത്ത് ലക്ഷത്തിൽ ഒരാളെന്ന നിലയിൽ) പരോക്ഷ തെരഞ്ഞെടുപ്പ് നടക്കുകയായിരുന്നു.

സഭയിലേക്ക് നടന്ന തെരെഞ്ഞെടുപ്പിൽ അന്നത്തെ പ്രധാന രാഷ്ട്രീയ പാർട്ടികളായ കോൺഗ്രസിന്റെയും മുസ്ലീം ലീഗിന്റെയും സ്ഥാനാർത്ഥികൾ ജയിച്ചുവന്നിരുന്നു. എന്നാൽ, പാകിസ്താൻ ജ്വരം തലയിൽ കയറിയ മുസ്ലിം ലീഗ് പ്രതിനിധികൾ സഭയുമായി ഒരു രീതിയിലും സഹകരിച്ചില്ല. മാത്രമല്ല, ബഹിഷ്കരിക്കുകയും സഭ പിരിച്ചുവിടണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഒടുവിൽ 395 അംഗം സഭയിൽ നിന്ന് പാകിസ്താൻ രൂപവത്കരിച്ചതോടെ 90 പേർ മാറിപ്പോയി.

പിന്നീട് പ്രത്യേക പ്രതിനിധികളായി നാല് പേർകൂടി ചേർന്ന് 299 പേരായിരുന്നു ഇന്ത്യൻ ഭരണഘടനാ നിർമ്മാണസഭയിൽ ഉണ്ടായിരുന്നത്. കേരളത്തിൽ നിന്ന് 15 പേർ ഉണ്ടായിരുന്നതിൽ മൂന്നുപേർ സ്ത്രീകളായിരുന്നു. അമ്മു സ്വാമിനാഥൻ, ദാക്ഷായണി വേലായുധൻ, ആനി മസ്ക്രീൻ എന്നിവർ.

സഭയുടെ ആദ്യയോഗം 1946 ഡിസംബർ 9 മുതൽ 23 വരെയായിരുന്നു. ഏതാണ്ട് മൂന്നു വർഷമാണ് സഭ പ്രവർത്തിച്ചത്. അതായത് 1950 ജനുവരി 26 വരെ. ഇതിനിടയിൽ 11 തവണകളായി നടന്ന സമ്മേളനങ്ങൾ 165 ദിവസങ്ങളോളം നീണ്ടുനിന്നു. ഭരണഘടനയുടെ ഉള്ളടക്കത്തിലേക്കുള്ള നിർദ്ദേശങ്ങൾക്കായി വിവിധ രാജ്യങ്ങളിലെ ഭരണഘടനകളെ നാം ആശ്രയിച്ചിരുന്നു. എന്നാൽ അവ അതേ രൂപത്തിൽ ചേർക്കുകയായിരുന്നില്ല. തള്ളേണ്ടവ തള്ളിയും ഉൾക്കൊള്ളിക്കേണ്ടവ കൂട്ടിച്ചേർത്തും നാട്ടിൽ നടന്ന സ്വാതന്ത്ര്യസമരത്തിന്റെ ദർശനത്തെ മുൻനിർത്തി ഓരോ നിർദ്ദേശവും വാർന്നു വീഴുകയായിരുന്നു. നിർദ്ദേശങ്ങൾ രൂപപ്പെടുത്താനായി എട്ടോളം സബ്കമ്മിറ്റികൾ പ്രവർത്തിച്ചിരുന്നു.



അതിൽ പ്രധാനപ്പെട്ട മൂന്നെണ്ണത്തിന്റെ ചെയർമാൻ ജവഹർലാൽ നെഹ്റു ആയിരുന്നു. (യൂണിയൻ കോൺസ്റ്റിറ്റ്യൂഷൻ കമ്മിറ്റി, യൂണിയൻ പവേഴ്സ് കമ്മിറ്റി, സ്റ്റേറ്റ് കോൺസ്റ്റിറ്റ്യൂഷൻ കമ്മിറ്റി എന്നിവ). ഇവയുടെയൊക്കെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ചുകൊണ്ട് ചർച്ചയ്ക്കുള്ള കരട് പ്രതി എഴുതി തയ്യാറാക്കിയ കമ്മിറ്റിയുടെ ചെയർമാൻ ബി. ആർ. അംബേദ്കർ ആയിരുന്നു. അവർ തയ്യാറാക്കിയ ഭരണഘടന 1948 ഫെബ്രുവരിയിൽ ചർച്ചയ്ക്കായി അവതരിപ്പിച്ചു. മൂന്നുതവണ വായിച്ചു. ഉയർന്നുവന്ന ഭേദഗതികൾ പരിഗണിച്ചും, കൂട്ടിച്ചേർത്തും, ഒഴിവാക്കിയും തയ്യാറാക്കിയ ഭരണഘടന 1949 നവംബർ 26-ന്, ഭരണഘടനാ നിർമ്മാണ സഭ അംഗീകരിച്ചു. എല്ലാ വകുപ്പുകളും ചേർന്ന ഭരണഘടന 1950 ജനുവരി 26-ന് നിലവിൽ വന്നു. അന്നുമുതൽ ഇന്ത്യ ഒരു ജനാധിപത്യ, പരമാധികാര രാജ്യമായി മാറുകയായിരുന്നു. അതോടെ ഭരണഘടനാ നിർമ്മാണ സഭ ഫലത്തിൽ ഇല്ലാതാവുകയും, അത് സ്വയമേവ ഇന്ത്യയുടെ ആദ്യത്തെ പാർലമെന്റായി മാറുകയുമായിരുന്നു. 1952-ലെ പൊതുതെരഞ്ഞെടുപ്പോടെയാണ് ഒന്നാമത്തെ പാർലമെന്റ് അധികാരത്തിൽ വരുന്നത്. അതുവരെ പാർലമെന്റായി പ്രവർത്തിച്ചത് ഭരണഘടനാ നിർമ്മാണ സഭയായിരുന്നു.

**ഭരണഘടനയുടെ സ്രഷ്ടാവും രക്ഷിതാവും**

ഇന്ത്യൻ ഭരണഘടന തയ്യാറാക്കുന്നതിനും നടപ്പാക്കുന്നതിനും രാജ്യം ഭരിക്കുന്നതിനുമുള്ള ചുമതല ഒരേ വ്യക്തികളിൽതന്നെ നിക്ഷിപ്തമായി. സഭാംഗങ്ങൾ എന്നതിനുപുറമേ അവർ പ്രവിശ്യകളിൽ നേതൃത്വപരമായ പല ചുമതലകളും ഏറ്റെടുത്തവരായിരുന്നു. അവർ പ്രതിനിധാനം ചെയ്ത ദേശീയ പ്രസ്ഥാനത്തിന്റെ ദർശനം തന്നെയായിരുന്നു ഭരണഘടനയുടെയും ദർശനം. ഭരണഘടന അംഗീകരിച്ച് രണ്ട് വർഷത്തോളം പാർലമെന്റായി പ്രവർത്തിച്ചപ്പോൾ തങ്ങൾ തയ്യാറാക്കിയ ഓരോ ഭാഗത്തിന്റെയും പ്രായോഗികത ഉൾക്കൊണ്ട് വേണ്ട ഭേദഗതികൾ വരുത്താനും കഴിഞ്ഞിരുന്നു. ആ രീതിയിൽ രാജ്യത്തെ പ്രധാന പ്രശ്നങ്ങളെയും സർക്കാരിന്റെ ദൈനംദിന പ്രവർത്തനങ്ങളെയും പരസ്പരം കണ്ണിചേർക്കാനും പരിഹാരം കാണാനും കഴിഞ്ഞു. ഇന്ത്യ എന്ന കോളനി രാജ്യം അതിന്റേതായ സ്വന്തം ഭരണഘടനയ്ക്കുവേണ്ടി തനതായ രീതിയിൽ



എട്ടുമാസത്തോളം പ്രവർത്തിച്ചുകഴിഞ്ഞപ്പോഴാണ് ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുന്നത്. കൂടെ പിറന്ന പാകിസ്ഥാനിലാകട്ടെ ഉറച്ചൊരു ജനാധിപത്യ ഭരണസംവിധാനം ഇതുവരെ നിലവിൽ വന്നിട്ടില്ല.

**ഭരണഘടനയുടെ പ്രത്യേകതകൾ**

സ്വാതന്ത്ര്യത്തിനുമുൻപ് ഇന്ത്യയെ വിഭജിക്കണമെന്ന മുറവിളിയും സ്വാതന്ത്ര്യാനന്തരം വർഗീയവൈരത്തിന്റെ കൊലവിളിയും കത്തിനിന്നിരുന്ന സാഹചര്യത്തെ തന്മയത്വത്തോടെ അതിജീവിക്കാൻ (വലിയവില നൽകേണ്ടി വന്നിരുന്നെങ്കിലും)സ്വാതന്ത്ര്യസമര മൂല്യങ്ങളെ സംരക്ഷിച്ചുനിർത്താനുള്ള, പക്ഷം ചേരാതെയുള്ള ശ്രമം ഭരണകൂടത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായിരുന്നു. അതിന് നേതൃത്വം നൽകിയതും നെഹ്റു തന്നെയായിരുന്നു.

1947 ഒക്ടോബർ 15-ന് സംസ്ഥാന മുഖ്യമന്ത്രിമാർക്കയച്ച കത്തിൽ നെഹ്റു ചൂണ്ടിക്കാട്ടി: "നമുക്ക് (ഇന്ത്യയിൽ) എണ്ണത്തിൽ കൂടുതലുള്ള ഒരു മുസ്ലിം ന്യൂനപക്ഷമുണ്ട്. പോകണമെന്ന് തോന്നിയാൽപ്പോലും അവർക്ക് പോകാൻ മറ്റൊരിടമില്ല. അവർ ഇന്ത്യയിൽതന്നെ കഴിയണമെന്ന കാര്യത്തിൽ തർക്കമില്ല. പാകിസ്ഥാനിൽ നിന്ന് എന്ത് പ്രകോപനമുണ്ടായാലും, അവിടത്തെ അമുസ്ലീങ്ങൾക്കെതിരെ എന്തുതരം അവഹേളനവും ഭീതിയും ഉണ്ടായാലും ഇവിടെ കഴിയുന്ന മുസ്ലീങ്ങളോട് ഏറ്റവും മാന്യമായ, പരിഷ്കൃതമായ രീതിയിൽ മാത്രമേ നാം ഇടപെടാവൂ. അവർക്ക് ഒരു ജനാധിപത്യ രാജ്യത്തിലെ സുരക്ഷയും പൗരാവകാശവും ഉറപ്പാക്കാൻ നാം ബാധ്യസ്ഥരാണ്. അക്കാര്യത്തിൽ, നാം പരാജയപ്പെട്ടാൽ, നമുക്കതൊരു തീരാദു:ഖമായിത്തീരും. അത് നമ്മുടെ രാഷ്ട്രീയത്തെ വിഷമയമാക്കുകയും ക്രമത്തിൽ നശിപ്പിക്കുകയും ചെയ്യും". (വിദേശ) പൗരന്മാരുടെ ചിതലരിച്ച ജാതകം തിരഞ്ഞുനടക്കുന്ന ഇന്നത്തെ ഇന്ത്യയിൽ ഈ കത്ത് നാൽക്കവലകളിൽ ഉറക്കെ വായിക്കേണ്ടിയിരിക്കുന്നു. നെഹ്റു ഇന്ത്യൻ ഭരണഘടനയ്ക്കകത്തേക്ക് തുറന്നുവെച്ച മനസ്സിനെ നമുക്ക് ഈ കത്തിൽ വായിച്ചെടുക്കാം.

**നെഹ്റുവിന്റെ സംഭാവന**

ഭരണഘടനയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിലും പ്രത്യക്ഷമായോ പരോക്ഷമായോ നെഹ്റു പങ്കാളിയായിരുന്നു. അദ്ദേഹം പങ്കാളിയല്ലാത്ത ഒരു പണിയും



ഭരണഘടനയുമായി ബന്ധപ്പെട്ട് നടന്നിട്ടില്ല(സുഭാഷ് കശ്യപ്). ഇന്ത്യയെ പുനരുദ്ധീകരിക്കുന്നതിനും ആധുനികീകരിക്കുന്നതിനും ഉള്ള ഒരു ഉപാധിയായാണ് നെഹ്റു ഭരണഘടനയെ നോക്കിക്കണ്ടത്.

**ലക്ഷ്യപ്രമേയം**

1946 ഡിസംബർ 9-ന് ആരംഭിച്ച ഭരണഘടനാ നിർമ്മാണസഭയുടെ ആദ്യയോഗത്തിൽ ഭരണഘടനയുടെ ഉദ്ദേശ്യം വിശദീകരിക്കുന്ന പ്രമേയം (Objective Resolution) തയ്യാറാക്കി അവതരിപ്പിച്ചത് നെഹ്റുവായിരുന്നു. ഈ ലക്ഷ്യപ്രമേയമാണ് പിന്നീട് രണഘടനയുടെ ആമുഖമായി (preample) മാറിയത്. ലക്ഷ്യപ്രമേയം അവതരിപ്പിച്ചുകൊണ്ട് (ഡിസംബർ 13-ന്), നെഹ്റു പറഞ്ഞു: “പട്ടിണിക്കാരെ ഊട്ടിയും ഉടുതുണി ഇല്ലാത്തവർക്ക് തുണി നൽകിയും, ഓരോ ഇന്ത്യാക്കാരനും അവന്റെ ശേഷി അനുസരിച്ച് സ്വയം വികസിക്കാനുള്ള അവസരങ്ങൾ കണ്ടെത്തിയും ഒരു പുതിയ ഭരണഘടനയിലൂടെ ഇന്ത്യയെ സ്വതന്ത്ര്യയാക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം.” ഈ ലക്ഷ്യത്തിലധിഷ്ഠിതമായി ഭരണഘടനയുടെ ആമുഖം തയ്യാറാക്കിയത് നെഹ്റുവാണ്.

ലക്ഷ്യപ്രമേയവും ആമുഖവും ഭരണഘടനയുടെ ഉള്ളടക്കം വിശദീകരിക്കാതെ തന്നെ അതിന്റെ സാരാംശം ഉയർത്തിക്കാണിക്കുന്നു. നമ്മുടെ രാജ്യത്തെക്കുറിച്ച് വിവരണം നൽകുന്നു. ഇന്ത്യയിൽ നിലനിന്നിരുന്ന എന്തെല്ലാം ദോഷങ്ങൾ (പോരായ്മകൾ) ഇല്ലാതാക്കണമെന്ന് ഓർമിപ്പിക്കുന്നു. അവയ്ക്കുള്ള പരിഹാരങ്ങൾ നിർദ്ദേശിക്കുന്നു. പ്രസിദ്ധ ഭരണഘടനാ വ്യാഖ്യാതാവായ ദുർഗാദാസ് ബസു (Durga Das Basu) അദ്ദേഹത്തിന്റെ ‘Commentary on The Constitution of India’ എന്ന വിഖ്യാത ഗ്രന്ഥത്തിൽ ഇങ്ങനെ പറയുന്നു; “The Preamble is a Key to open the mind of the makers” (ഭരണഘടനാ നിർമ്മാതാക്കളുടെ മനസ്സ് തുറക്കാനുള്ള താക്കോലാണ് അതിന്റെ ആമുഖം) എന്ന്.

ഭരണഘടനയുടെ ആമുഖം ഈ കാര്യങ്ങൾ വ്യക്തമാക്കുന്നു. ആരാണ് ഭരണഘടനയുടെ അവകാശികൾ അഥവാ ഉടമസ്ഥർ എന്നതാണ് ഒന്നാമത്തെത്. എന്താണ് അവർ ചെയ്യേണ്ടതെന്നതാണ് രണ്ടമാത്തെത്. അവകാശികൾ ഈ രാജ്യത്തിലെ ജനങ്ങളാണ്. മൊത്തം ജനങ്ങളുടെ സഞ്ചിത ശേഷിയാണ്. അവർ



എന്ത് ചെയ്യും? അവർ ഭരണഘടനാ മൂല്യങ്ങളായ സ്വാതന്ത്ര്യം, സമത്വം, സാമൂഹികനീതി, സാഹോദര്യം എന്നിവ ഉയർത്തിപ്പിടിക്കുന്നവർക്കായി നിലകൊള്ളും. അവയെ സംരക്ഷിക്കും. ആ നിലയ്ക്ക് അത് ഭരണകൂടവും ജനങ്ങളും തമ്മിലുള്ള ഒരു ഉടമ്പടിയാണ്; ഒരു അവകാശ പത്രികയാണ്. അതിന്റെ വേരുകളിൽ ഒരെണ്ണം നീണ്ട് നീണ്ട് ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ പ്രഖ്യാപനം വരെ എത്തിയിരിക്കുന്നു. എല്ലാ അർഥത്തിലും നെഹ്റുവിന്റെ സംഭാവനയായ ആമുഖം, ഇന്ത്യൻ ഭരണഘടനയുടെ ചട്ടക്കൂടാണ്.

ലക്ഷ്യപ്രമേയത്തെപ്പറ്റി നെഹ്റുവിന്റെ മനസ്സിലുണ്ടായിരുന്ന കാര്യം അദ്ദേഹം ഒരിക്കൽ വെളിപ്പെടുത്തുകയുണ്ടായി. അത് ഇപ്രകാരമാണ്: "ഇതൊരു പ്രമേയം മാത്രമല്ല; ഒരു പ്രഖ്യാപനമാണ്, ഒരു ഉടമസ്ഥതാ ബോധമാണ്; എല്ലാറ്റിനുമുപരിയായി നമ്മുടെയൊരു സമർപ്പണം കൂടിയാണ്".

ഈ 'നമ്മൾ' എന്നത് ഇന്ത്യയുടെ നാനാത്വത്തിലെ ഏകത്വത്തിന്റെ പ്രതീകമാണ്. ബഹുസ്വരതയിലധിഷ്ഠിതമായ ജനകീയ ഐക്യമാണ്. ഇന്ത്യൻ ജനാധിപത്യത്തിന്റെ സവിശേഷ ഉടമസ്ഥരാണ്. ഇന്നത്തെ കണക്കിൽ, പരിശോധിച്ചാൽ 130 കോടിയിലേറെ ജനങ്ങൾ അവർ ഉൾപ്പെടുന്ന ആറ് പ്രധാന മതങ്ങൾ, 6400-ഓളം ജാതി, ഉപജാതികൾ, 22 പ്രധാന ഭാഷകൾ, 1600-ലേറെ പ്രാദേശികഭാഷകളും അവയുടെ അക്ഷരമാലകളും; 29 സംസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ, അവിടങ്ങളിലെ വൈവിധ്യമാർന്ന ജീവിതരീതികൾ, വസ്ത്രം, ഭക്ഷണം, ആഘോഷം, ആചാരം എന്നിവയെല്ലാം ചേർന്നതാണ് ഇന്ത്യ. ആകർഷകമായ ഒരു ചിത്രപ്പണിപോലെയാണ് ഈ ജനാധിപത്യ ഇന്ത്യയുടെ അടിത്തറ. അതിനെ ഏകശിലാരൂപത്തിലേക്ക് അടിച്ചൊതുക്കാനും കമാൻഡ് നൽകി പട്ടാളച്ചിട്ടയിൽ വാർത്തെടുക്കാനുമുള്ള പണികളാണ് ഇന്നത്തെ ഇന്ത്യയിൽ ഭരണകൂട ഒത്താശകളോടെ അരങ്ങേറുന്നത്. എന്നാൽ, ഇന്ത്യൻ ഭരണഘടന വിളിച്ചു പറയുന്നത്, "എന്നെ സൃഷ്ടിച്ചത് ഏതെങ്കിലും സംസ്ഥാനമോ അവിടത്തെ ജനങ്ങളോ അല്ല. മറിച്ച്, ഇന്ത്യയിലെ ജനങ്ങൾ ഒന്നിച്ചാണ്; അവരുടെ ഉത്പന്നമാണ് ഞാൻ" എന്നാണ്. പരമാധികാരമെന്നാൽ ഇന്ത്യയുടെ ഭാവിയെപ്പറ്റി തീരുമാനമെടുക്കാനുള്ള ജനങ്ങളുടെ അധികാരമാണെന്നാണ്.



**ഭരണഘടനാ മൂല്യങ്ങൾ**

